ബസ്സ് റൂട്ടുകൾ.

*1082 [47] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 1956—57-ൽ പുതിയ എത്ര ബസ്സ് റൂട്ടുകൾ ദേശവൽക്കരിക്കുന്നുണ്ട്;

(ബി) ചങ്ങനാശേരി—മണ്ടക്കയം ലൈൻ ദേശവൽക്കരിക്കുന്നതിനു് ഗവണ്മെൻറ് ആലോചനയുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1956—57-ൽ എത്ര പുതിയ റൂട്ടുകൾ ദേശവൽക്കരിക്കുമെന്നു് ഇപ്പോൾ തീർച്ചപറയുക സാദ്ധ്യമല്ല.

(ബി) ഇപ്പോൾ ആലോചിക്കുന്നില്ല.

കുഴൽക്കിണറുകൾ.

* 1083. [48] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ ആകെ എത്ര കുഴൽക്കിണറുകൾ അനുവദിച്ചിട്ടുണ്ടു്, എവിടെയെല്ലാം ;

(ബി) ഇരവിപുരം മൺട്രോത്തുരുത്തു് എന്നിവിടങ്ങളിൽ എത്ര കിണറുകൾ അനുവദിച്ചിട്ടുണ്ടു്. അവ ഈ സാമ്പത്തികവർഷത്തിൽ തന്നെ കുഴിക്കാൻ നടപടികൾ സ്വീകരിക്കാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 22. 1. കായംകുളം, 2. കുമരകം, 3. കൈനകരി, 4. പുന്നറ, 5. ശങ്കുമുക്കുഞ്ഞരം, 6. വക്കല, 7. കോഴിക്കോടു്, 8. ആലപ്പുഴ. 9. അഴീക്കൽ. 10. മംഗലം, 11. ആറാട്ടുപുഴ, 12. ശ്രായിക്കാട്ടു്, 13. കുഴിത്തുറ, 14. ചെറിയഴീക്കൽ, 15. പണ്ടാരത്തുമുക്കു്, 16. വെള്ളാനത്തുരുത്തി, 17. ഗോവിന്ദമുട്ടം, 18. കീരിക്കാടു്, 19. മാലിപുരം, 20. ഞാറക്കൽ, 21. ചെറായി, 22. ചേത്തല.

(ബി) ഇരവിപുരത്തു് ഒന്നും മൺട്രോതുരുത്തിൽ രണ്ടും. ഇവയിൽ മൺട്രോതുരുത്തിലുള്ള ഒരു കിണറിൻറെ പണി പൂർത്തിയായിട്ടുണ്ടു്. കൂടാതെ പട്ടേൽ സ്മാരകനിധിയിൽനിന്നും ഒരു കിണർ മൺട്രോത്തുരുത്തിൽ കുഴിപ്പിച്ചിട്ടുണ്ടു്, മറ്റു രണ്ടു കിണറുകളും ഈ സാമ്പത്തികവർഷത്തിൽ കുഴിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ഡിസ്പെൻസറികളും, ആശുപത്രികളും.

* 1084. [49] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തു് എത്ര ഡിസ്പെൻസറികളും, ആശുപത്രികളും അനുവദിച്ചിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly